**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3376** **14-07-2022 - ൽ മറുപടിയ്ക്ക്**

**നെൽ ഉല്പാദനം വർദ്ധിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ .പി. കെ. ബഷീർ ,<br>ശ്രീ. നജീബ് കാന്തപുരം** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നെൽ കൃഷിയുടെ ഉല്പാദനവും ഉല്പാദന ക്ഷമതയും വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; | (എ) | സംസ്ഥാന സർക്കാരിന്റെ നെൽകൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നെൽകൃഷിയുടെ വിസ്തൃതിയും ഉല്പാദനവും വർദ്ധിപ്പിക്കാനും സംസ്ഥാനത്ത് ഭക്ഷ്യ സ്വയംപര്യാപ്തത കൈവരിക്കാനും വേണ്ടിയുള്ള വിവിധ ഘടക പദ്ധതികൾ കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നു. സംസ്ഥാനാവിഷ്കൃത പദ്ധതിയായ “നെൽകൃഷി വികസന പദ്ധതി” യിലെ ഘടക പദ്ധതിയായ സുസ്ഥിര നെൽകൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നെൽകൃഷിക്ക് അത്യുൽപാദനശേഷിയുള്ള നെൽവിത്ത്, വളം , ജൈവിക കീടരോഗ നിയന്ത്രണം മുതലായവയ്ക്കായി ഒരു ഹെക്ടറിന് 5500/- രൂപ നിരക്കിൽ 2021-22 വർഷത്തിൽ 166997.04255 ഹെക്ടറിൽ പദ്ധതി നടപ്പിലാക്കുകയും ഇതിനായി 9184.83603 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു. ഇതിനായി 2022-23വർഷത്തിൽ 92727 ഹെക്ടറിലേക്ക് 5100 ലക്ഷം രൂപ നീക്കി വെച്ചിട്ടുണ്ട്.<br><br>പൊതു ഞാറ്റടി, കർഷക യന്ത്രോപകരണങ്ങളുടെ റിപ്പയർ, തോടുകളുടെ അറ്റകുറ്റ പണികൾ തുടങ്ങിയ പാടശേഖരസമിതികളുടെ പൊതുവായ ആവശ്യങ്ങൾക്കുള്ള പ്രവർത്തന ചെലവിനായി ഹെക്ടറിന് 360 രൂപ പ്രകാരം 83333.33 ഹെക്ടർ പ്രദേശത്തു പദ്ധതി നടപ്പിലാകുന്നതിനായി 2021-22 വർഷത്തിൽ 300 ലക്ഷം രൂപ വകയിരുത്തുകയും ടി പദ്ധതി പൂർണമായി നടപ്പിലാക്കുകയും ചെയ്തു. 2022-23 വർഷത്തിൽ ഇതിനായി 300 ലക്ഷം രൂപ നീക്കി വെച്ചിട്ടുണ്ട്.<br><br>നെൽകൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി രൂപീകരിക്കപ്പെട്ടിട്ടുള്ള 10 നെൽകൃഷി വികസന ഏജൻസികൾക്കായി |

ഹോണറേറിയം, സിറ്റിംഗ് ഫീസ്, പ്രോജക്ടധിഷ്ഠിത ധനസഹായം എന്നിവയ്ക്കായി 2021-22 വർഷത്തിൽ 25.12027 ലക്ഷം രൂപ ചെലവഴിച്ചു. കൂടാതെ, കരാർ ജീവനക്കാരുടെ വേതനം, ടെലഫോൺ ചാർജ്, ഇന്ധന ചെലവുകൾ മുതലായ ദൈനംദിന പ്രവർത്തനച്ചെലവുകൾക്കായി 22.68981 ലക്ഷം രൂപ ചെലവഴിക്കപ്പെട്ടു. നെൽകൃഷി വികസന ഏജൻസികൾക്ക് ഹോണറേറിയം, സിറ്റിംഗ് ഫീസ്, പ്രോജക്ടധിഷ്ഠിത ധനസഹായം എന്നിവയ്ക്കായി 2022-23 വർഷത്തിലും 30 ലക്ഷം രൂപ നീക്കിവെച്ചിട്ടുണ്ട്.

സംസ്ഥാനത്ത് നെൽകൃഷിയുടെ വിസ്തൃതിയിൽ വർദ്ധനവ് കൈവരിക്കുന്നതിന്റെ ഭാഗമായി 2021-22 വർഷത്തിൽ 404.04 ഹെക്ടറിൽ കരനെൽകൃഷി നടപ്പിലാക്കി, ആയതിന് 54.94955 ലക്ഷം രൂപ ആനുകൂല്യമായി വിതരണം ചെയ്തു. ഒരുപ്പൂ മാത്രം കൃഷിയിറക്കുന്ന വയലുകളിൽ ഇരുപ്പൂ കൃഷി നടപ്പിലാക്കുന്നതിന് ഹെക്ടറൊന്നിനു 10000 രൂപ നിരക്കിൽ ആനുകൂല്യം നൽകിക്കൊണ്ട് 496.7ഹെക്ടറിൽ ഇരുപ്പൂ കൃഷി നടപ്പിലാക്കുകയും ആയതിന് 49.67ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു. പ്രത്യേക നെല്ലിനങ്ങളുടെ (പൊക്കാളി, ഞവര, ജീരകശാല & ഗന്ധകശാല, രക്തശാലി, ബസ്മതി) കൃഷി 499.99995ഹെക്ടറിൽ നടപ്പിലാക്കുകയും ആയതിന് 49.99995ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു. നെൽക്കൃഷി യിലേക്ക് മുഴുവൻ തരിശുനിലങ്ങളെയും മടക്കി കൊണ്ട് വരുന്നതിനു വേണ്ടി തരിശുനില കൃഷിക്ക് ഹെക്ടർ ഒന്നിന് 35000രൂപ കർഷകനും 5000 രൂപ ഭൂവുടമകൾക്കും ചേർത്ത് ആകെ 40,000/- രൂപ പ്രകാരം 748.9205ഹെക്ടർ തരിശുനിലത്ത് നെൽക്കൃഷി നടപ്പിലാക്കി. ഇതിനായി 299.5682ലക്ഷം രൂപ ചെലവഴിച്ചു. 2022-23 വർഷത്തിൽ "നെൽകൃഷി വികസന പദ്ധതി" യിലെ ഘടക പദ്ധതിയായ കരനെൽകൃഷി 875 ഹെക്ടറിൽ നടപ്പിലാക്കുന്നതിനായി 119 ലക്ഷം രൂപയും, ഒരുപ്പൂ ചെയ്യുന്ന 500 ഹെക്ടർ വയലുകൾ ഇരുപ്പൂ ആക്കുന്നതിന് 50 ലക്ഷം രൂപയും, പ്രത്യേക നെല്ലിനങ്ങളുടെ കൃഷി 650 ഹെക്ടറിൽ നടപ്പിലാക്കുന്നതിനായി 65 ലക്ഷം രൂപയുമാണ് നീക്കിവെച്ചിട്ടുള്ളത്.

കോൾ മേഖലയിലെ നെൽകൃഷി വികസനത്തിനായി തൃശ്ശൂർ ജില്ലയിൽ നടപ്പാക്കിയ പ്രത്യേക പദ്ധതി ഒരുപ്പൂ കൃഷിയിറക്കുന്ന കോൾ പടവുകളിൽ രണ്ടു പൂ നെൽകൃഷി, ഒന്നാം വിള നെൽകൃഷിക്ക് ശേഷം

| | | | |
|---|---|---|---|
| | | | രണ്ടാം വിളയായി പയർ/ചോളം/എണ്ണക്കുരു വിളകൾ എന്നിവയുടെ കൃഷി, പമ്പ്സെറ്റ് ഉൾപ്പെടെയുള്ള മെഷിനറികൾ വാങ്ങി സ്ഥാപിക്കൽ, ബണ്ടുകളുടെയും സ്ലൂയിസുകളു ടെയും അറ്റകുറ്റപ്പണി, ട്രാൻസ്ഫോർമർ സ്ഥാപിക്കൽ എന്നിവയ്ക്കായി 2021-22 വർഷത്തിൽ 24.18147 ലക്ഷം രൂപ ചെലവഴിച്ചു. ഇതിനായി 2022-23വർഷത്തിൽ 275 ലക്ഷം രൂപ നീക്കി വെച്ചിട്ടുണ്ട്.<br><br>നെൽവയലുകൾ തരം മാറ്റുന്നത് വ്യാപകമായ സാഹചര്യത്തിൽ ആയത് നിരുത്സാഹപ്പെടുത്തുന്നതിനും വയലുകൾ നിലനിർത്തുന്നതിനും നെൽകൃഷി പ്രോത്സാഹി പ്പിക്കുന്നതിനുമായി നെൽവയലുകളുടെ ഉടമസ്ഥർക്ക് ഹെക്ടറിന് 2000/- രൂപ നിരക്കിൽ 496.7ഹെക്ടറിലേക്ക് റോയൽറ്റിയായി 370.3972 ലക്ഷം രൂപ വിതരണം ചെയ്തു. നെൽവയലുകളുടെ ഉടമസ്ഥർക്ക് ഹെക്ടറിന് 3000 രൂപ നിരക്കിൽ റോയൽറ്റി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിനായി 2022-23വർഷത്തിൽ 30000 ഹെക്ടർ നെൽവയലുകൾക്ക് 900 ലക്ഷം രൂപ നീക്കി വെച്ചിട്ടുണ്ട്.<br><br>2021-22 വർഷത്തിൽ നെൽകൃഷി ക്കാവശ്യമായ ഗുണമേന്മയുള്ള നെൽവിത്ത് ഉത്പാദിപ്പിച്ച് കർഷകർക്ക് ലഭ്യമാക്കുന്നതിന് രജിസ്റ്റേർഡ് വിത്തുത്പാദക പദ്ധതി 1127.63 ഹെക്ടർ സ്ഥലത്ത് നടപ്പിലാക്കി. കെ.എസ്.എസ്.ഡി.എ യിൽ ഓൺലൈൻ സംവിധാനം വികസിപ്പിക്കുന്നതിനുള്ള തുക 122 ലക്ഷം അനുവദിക്കുകയും ആയതിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനായി 2022-23വർഷത്തിൽ 125 ലക്ഷം രൂപ നീക്കി വെച്ചിട്ടുണ്ട്.<br><br>2021-22 വർഷത്തിൽ സംസ്ഥാനത്തെ പരമ്പരാഗത നെൽകൃഷി മേഖലകളായ കരി, പൊക്കാളി, കയ്പാട് എന്നീ പ്രദേശങ്ങളുടെ സമഗ്രമായ വികസനം ലക്ഷ്യമാക്കിക്കൊണ്ട് കരി മേഖലയിൽ 29.17677 ലക്ഷം രൂപയുടെ പ്രവർത്തനങ്ങളും പൊക്കാളി മേഖലയിൽ 16.80857ലക്ഷം രൂപയുടെ പ്രവർത്തനങ്ങളും കയ്പാട് മേഖലയിൽ 38.17311 ലക്ഷം രൂപയുടെ പ്രവർത്തനങ്ങളും ചേർത്ത് ആകെ 84.15845ലക്ഷം രൂപ ചെലവഴിച്ചു. പ്രകൃതിക്ഷോഭത്തിന്റെ പശ്ചാത്തലത്തിൽ പാടശേഖരങ്ങളോടനുബന്ധിച്ച അടിയന്തിര പ്രവർത്തികൾ നടപ്പിലാക്കുന്നതിന് 4.48407 ലക്ഷം രൂപ പത്തനംതിട്ട ജില്ലയിൽ ചെലവഴിച്ചു. |

| | | | |
|---|---|---|---|
| | | | മണ്ണിന്റെയും വേരിന്റെയും ആരോഗ്യ പരിപാലന പദ്ധതിയിൽ (Soil and Root Health Management) ഉൾപ്പെടുത്തി കുമ്മായത്തിന് 5400 രൂപയും നൽകുന്നു. 2022-23വർഷത്തിൽ 39259 ഹെക്ടർ നെൽകൃഷിക്കുള്ള കുമ്മായത്തിന് 2130 ലക്ഷം രൂപ നീക്കി വെച്ചിട്ടുണ്ട്. നോൺ പ്ലാൻ (പദ്ധതിയേതരം) ഇനത്തിൽ ഉൾപ്പെടുത്തി നെല്ലിന്റെ ഉത്പാദന ബോണസായി ഓരോ സീസണിലെ നെൽക്കൃഷിക്കും ഹെക്ടറിന് 1000 രൂപ നൽകുന്നു. 2022-23വർഷത്തിൽ ഗ്രാമപഞ്ചായത്തുകൾക്കായി 1324 ലക്ഷം രൂപയും മുനിസിപ്പാലിറ്റികൾക്കായി 44 ലക്ഷം രൂപയും കോർപ്പറേഷനുകൾക്കായി 0.50 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.<br><br>നെൽകൃഷിക്ക് ഭൂപരിധിയില്ലാതെയും മറ്റ് വിളകൾക്ക് രണ്ട് ഹെക്ടർ വരെയും ജലസേചനത്തിന് വൈദ്യുതി സൗജന്യമായി അനുവദിച്ചു വരുന്നുണ്ട്. |
| (ബി) | തരിശിടുന്ന പാടശേഖരങ്ങളിൽ കൃഷി ചെയ്യുന്ന പ്രത്യേക പദ്ധതി പ്രകാരം എത്ര ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യാൻ സാധിച്ചിട്ടുണ്ട്; വിശദമാക്കുമോ? | (ബി) | ഭക്ഷ്യ വിളകളുടെ വിസ്തൃതി, ഉൽപ്പാദനം, ഉൽപ്പാദനക്ഷമത എന്നിവ വർദ്ധിപ്പിച്ച് ഭക്ഷ്യ സുരക്ഷ കൈവരിക്കുക എന്ന ലക്ഷ്യത്തോടെ 2020 ൽ ആരംഭിച്ച പ്രത്യേക പദ്ധതിയാണ് 'സുഭിക്ഷകേരളം'. പ്രസ്തുത പദ്ധതി കോവിഡ്-19 മഹാമാരിയുടെ കാലത്തു ഭക്ഷ്യ വിതരണത്തിന്റെ ദൗർലഭ്യം നേരിടാനുള്ള സംസ്ഥാനത്തെ ഒരു പ്രധാന സംരംഭമായിരുന്നു. കൃഷി യോഗ്യമായ തരിശുനിലങ്ങളിൽ നെല്ല്, പച്ചക്കറികൾ, ഫലവർഗ്ഗ വിളകൾ, കിഴങ്ങു വർഗ്ഗങ്ങൾ, പയറു വർഗ്ഗങ്ങൾ, ചെറുധാന്യ വിളകൾ എന്നീ വിളകളുടെ കൃഷിയാണ് ഈ പരിപാടിയിലൂടെ പ്രധാനമായും നടപ്പാക്കിയത്. ഓരോ വർഷവും 25,000 ഹെക്ടർ തരിശ് ഭൂമി കൃഷിയോഗ്യമാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. 2020-2021 സാമ്പത്തിക വർഷത്തിൽ 22,847 ഹെക്ടറും 2021-2022 സാമ്പത്തിക വർഷത്തിൽ 23,010 ഹെക്ടർ സ്ഥലത്തും ചെയ്ത തരിശ് കൃഷിയുടെ വിളതിരിച്ചുള്ള വിസ്തീർണ്ണം സംബന്ധിച്ച വിവരം **അനുബന്ധം** ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## തരിശ് കൃഷിയുടെ വിളതിരിച്ചുള്ള വിസ്തീർണ്ണം സംബന്ധിച്ച വിവരം

| ക്രമ നം. | ഇനം | വിസ്തീർണ്ണം (ഹെക്ടർ) | വിസ്തീർണ്ണം (ഹെക്ടർ) |
|---|---|---|---|
| | | **2020-21** | **2021-22** |
| 1 | നെല്ല് | 9,070 | 4,431 |
| 2 | പച്ചക്കറി | 4,527 | 4,576 |
| 3 | ഫലവർഗ്ഗവിളകൾ | 3,381 | 4,839 |
| 4 | കിഴങ്ങ് വർഗ്ഗങ്ങൾ/പയർ വർഗ്ഗ വിളകൾ | 5,544 | 4,858 |
| 5 | ചെറു ധാന്യവിളകൾ | 325 | 410 |
| 6 | മറ്റു വിളകൾ | 0 | 3,896 |
| **ആകെ** | | **22,847** | **23,010** |